കവർസ്റ്റോറി

വി.എം ഹസനുൽ ബന്ന


# ദേശസുരക്ഷ അമേരിക്കയുടെ കൈകളിൽ

**വൻതോതിൽ പ്രതിരോധ സാമഗ്രികൾ നൽകാമെന്ന വാഗ്ദാനം നടപ്പാക്കുന്നതിന്റെ ഉപാധിയായി ഇന്ത്യയുടെ സൈനിക താവളങ്ങളിലും മുൻനിര സേനാ വിന്യാസ കേന്ദ്രങ്ങളിലും അമേരിക്കയുടെ നേരിട്ടുള്ള പരിശോധന സാധ്യമാക്കുന്നതാണ് നിർദിഷ്ട കരാർ. അമേരിക്കൻ നിയമപ്രകാരം, സുപ്രധാനമായ യുദ്ധോപകരണങ്ങൾ വിൽക്കുന്ന ഏതു രാജ്യവുമായും ഈ കരാർ ഒപ്പുവെക്കണം. വ്യവസ്ഥ അംഗീകരിച്ചാൽ അമേരിക്ക നൽകിയ സാമഗ്രികൾ, കരാറിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പു വരുത്താൻ അവ സൂക്ഷിക്കുന്ന സൈനിക താവളങ്ങളിലും മുൻനിര വിന്യാസ കേന്ദ്രങ്ങളിലും എതു സമയത്തും പരിശോധന നടത്താൻ അമേരിക്കക്ക് അനുവാദം ലഭിക്കും.**

**ഇന്ത്യ** ശത്രുവുമായുള്ള യുദ്ധമുഖത്താണെന്ന് പ്രചരിപ്പിക്കുക. എപ്പോഴും എന്തിനും സന്നദ്ധമാവണമെങ്കിൽ ശക്തമായ പ്രതിരോധ സന്നാഹങ്ങൾ ആവശ്യമാണെന്ന് വരുത്തുക. പ്രതിരോധ സാമഗ്രികളിൽ ഏറ്റവും മികച്ചത് അമേരിക്കയിൽനിന്നും ഇസ്രയേലിൽനിന്നും ഇറക്കുമതി ചെയ്യാൻ നാം നിർബന്ധിതരാണെന്ന് വരുത്തിത്തീർക്കുക, ഈ അനിവാര്യതക്കുള്ള വിലപേശലിൽ നാം അൽപമൊക്കെ വിട്ടുവീഴ്ചക്ക് തയാറാകേണ്ടിവരുമെന്ന് തെര്യപ്പെടുത്തുക. ഇന്ത്യയുടെ പരമാധികാരത്തെ വൻശക്തിക്ക് അടിയറവെക്കാൻ മണ്ണ് പാകപ്പെടുത്തുന്നതിപ്പോൾ ഇങ്ങനെയാണ്.

അമേരിക്കയുമായി ആണവ കരാറുണ്ടാക്കുമ്പോൾ രാജ്യത്തെ ഊർജ പ്രതിസന്ധിയായിരുന്നു ന്യായമായി പറഞ്ഞിരുന്നത്. രാജ്യസ്നേഹികൾ അന്നേ മുന്നറിയിപ്പ് നൽകിയതാണ് ഇത് എന്നത്തേക്കുമായുള്ള ഒരു കുരുക്കാണെന്ന്. ആ കുരുക്ക് മുറുകി വരുന്നതാണ് ഇപ്പോൾ കണ്ടു കൊണ്ടിരിക്കുന്നത്. ആണവ കരാറുമായി ബന്ധപ്പെട്ട് കുറെ തുടർ കരാറുകൾ കൂടി ഇന്ത്യയും അമേരിക്കയും തമ്മിലുണ്ടാകുമെന്ന് പറഞ്ഞുവെച്ചിട്ടാണ് അമേരിക്കൻ വിദേശകാര്യ സെക്രട്ടറിയും അമേരിക്കയുടെ മുൻ പ്രഥമ വനിതയുമായ ഹിലരി ക്ലിന്റൻ ദൽഹി വിട്ടത്.

ഡെമോക്രാറ്റായാലും റിപ്പബ്ലിക്കനായാലും ആയുധക്കച്ചവടത്തിലും ആധിപത്യമുറപ്പിക്കുന്നതിലും പിന്നിലല്ലെന്ന സന്ദേശം അമേരിക്ക നൽകുമ്പോൾ മുട്ടുമടക്കുന്നതി



■ ഹിലരി ക്ലിന്റൻ

ലും കീഴടങ്ങുന്നതിലും ഒരുപടി കൂടി മുന്നോട്ടു പോയെന്ന് ഇന്ത്യ തെളിയിച്ചിരിക്കുന്നു.

ഒന്നാം യു.പി.എ സർക്കാർ ഇന്ത്യാ-യു.എസ് ആണവ കരാറിന്റെ പേരിൽ വിശ്വാസ വോട്ട് നേടി കൃത്യം ഒരു വർഷം തികയുമ്പോഴാണ് രണ്ടാം യു.പി.എ സർക്കാർ രണ്ടാംവട്ട കരാറിന്റെ പേരിൽ ലോക്സഭയിൽ പ്രതിപക്ഷത്തിന്റെ രൂക്ഷമായ എതിർപ്പ് ഏറ്റുവാങ്ങുന്നത്.

ഇന്ത്യയുടെ സൈനിക സംവിധാനങ്ങളിൽ അമേരിക്കൻ പരിശോധന സാധ്യമാക്കുന്ന വിവാദ പ്രതിരോധ ഇടപാടിന് അമേരിക്കൻ വിദേശകാര്യ സെക്രട്ടറി ഹിലരി ക്ലിന്റന്റെ ഇന്ത്യാ സന്ദർശനം വഴി തുറന്നു. ഇതിനു പുറമെ ഗുജറാത്തിലും ആന്ധ്രപ്രദേശിലുമായി രണ്ട് അമേരിക്കൻ അണുനിലയങ്ങൾ സ്ഥാപിക്കുന്നതിനും അമേരിക്കൻ നിർമിത സാമഗ്രികൾ ഇന്ത്യയിലെ വിക്ഷേപണ കേന്ദ്രങ്ങളിൽനിന്ന് ബഹിരാകാശത്ത് എത്തിക്കുന്നതിനുമുള്ള സുപ്രധാന കരാറുകളിലും ഒപ്പുവെച്ചു.

## കരാറുകളുടെ തുടക്കം

ഇന്ത്യ-യു.എസ് ആണവകരാറിന്റെ വിജയസ്തംഭങ്ങളിലാണ് പുതിയ കരാറുകളും ഉടമ്പടികളും പണിയുന്നതെന്നും ഇത് അനുസ്യൂതം തുടർന്നുകൊണ്ടേയിരിക്കുമെന്നും അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ജൂലൈ 21-ന് പുറത്തുവിട്ട ഔദ്യോഗിക വാർത്താകുറിപ്പ് പറയുന്നു. ഇന്ത്യൻ നേതാക്കളെ പോലെ ഒന്നും ഒളിച്ചുവെക്കേണ്ട കാര്യം അമേരിക്കക്കില്ലാത്തതിനാൽ ഇന്ത്യയും അമേരിക്കയും തമ്മിലുള്ള എല്ലാ ഇടപാടുകളുടെയും യഥാർഥ ചിത്രം ലഭിക്കണമെങ്കിൽ നമുക്ക് വാഷിംഗ്ടൺ തന്നെ ആശ്രയം. കഴിഞ്ഞ വർഷം തുടക്കമിട്ട ആണവ സഹകരണ കരാറിന്റെ നടപടിക്രമങ്ങൾ കൂടിയാലോചിച്ച് തീരുമാനിക്കുന്നതിന് ജൂലൈ 21-ന് തുടക്കമിട്ടുവെന്നാണ് വാർത്താകുറിപ്പ് പറയുന്നത്. കഴിഞ്ഞ വർഷത്തേത് 'വെറുമൊരു' തുടക്കമായിരുന്നുവെന്ന് അടിവരയിടുന്നതാണ് ഡിപ്പാർട്ടുമെന്റ് ഇന്ത്യയുടെ സമ്മതത്തോടെ നൽകുന്ന അടുത്ത വിശദീകരണം.

കഴിഞ്ഞ തവണ ഒപ്പുവെച്ച 1 2 3 കരാറിന്റെ വകുപ്പ് 6(3) പ്രകാരമാണ് ഇത്തവണത്തെ ചർച്ചകളും കരാറുകളും ഉണ്ടായതെന്നും അമേരിക്കയും ഇന്ത്യയും തമ്മിലുള്ള പൊതുവായ സുരക്ഷിതത്വം മുൻനിർത്തി ഇവ മുന്നോട്ടു പോകുകയാണെന്നും കുറിപ്പ് വ്യക്തമാക്കുന്നു. ഇനിയും പുറത്തു പറയാത്ത എത്രയോ ഉപാധികളുണ്ടെന്നും ഇവയുടെ കാണാചരടുകൾ നമ്മെ വലിഞ്ഞു മുറുക്കാൻ പോകുകയാണെന്നുമർഥം. ഓരോ ചരടുകളും തുടർ കരാറുകളായി നമുക്ക് മുമ്പിൽ ആവർത്തിച്ചുകൊണ്ടിരിക്കും.

ഏറെ കോലാഹലം സൃഷ്ടിച്ച 1 2 3 കരാർ ഇന്ത്യക്കാരന്റെ വിസ്മൃതിയിലേക്ക് മറയാൻ കേവലം ഒരു വർഷം മാത്രമേ വേണ്ടിവന്നുള്ളൂ എന്നത് നമ്മുടെ ഭാവിയെക്കുറിച്ചുള്ള അപകടകരമായ സൂചനയാണ് നൽകുന്നത്. കഴിഞ്ഞ തവണ 1 2 3 കരാറിനെ മുടിനാരിഴകീറി പോസ്റ്റ്മോർട്ടം നടത്തിയ ഇടതുപക്ഷത്തിന് ഈ കരാർ 1 2 3 കരാറിന്റെ ബാക്കിപത്രമാണെന്ന് ഉച്ചത്തിൽ വിളിച്ചുപറയാനുള്ള മനുഷ്യവിഭവശേഷി ലോക്സഭയിൽ ഇല്ലാതെ പോയത് ചർച്ചാവേളയിൽ ശരി

**ഇന്ത്യക്ക് ഒരു അമേരിക്കൻ താവളത്തിലും പരിശോധന നടത്താനുള്ള അവകാശം ഇത് വകവെച്ചു നൽകുന്നില്ല. ഇതിലൂടെ അമേരിക്കൻ കമ്പനികൾക്ക് ആയുധ കച്ചവടത്തിന് അവസരം നൽകുന്നതോടൊപ്പം അമേരിക്ക ആഗ്രഹിക്കുന്നവ മാത്രം വിറ്റാൽ മതിയെന്ന് ഉറപ്പു വരുത്തുകയും ചെയ്യും.**


ക്കും നിഴലിച്ചു. ആഗോളീകരണത്തിനെതിരായ യുദ്ധത്തിൽ ജയിപ്പിച്ചെടുത്ത ജനപ്രതിനിധികൾ സ്വന്തം പാർട്ടിയുടെ നീതിപൂർവകമായ നിലപാടിനെ ശക്തമായി ന്യായീകരിക്കാൻ പോലും കഴിയാതെ വിഷണ്ണരായിരിക്കുന്നതിനും ലോക്സഭ സാക്ഷിയായി. കഴിവും യോഗ്യതയുമുള്ള പ്രതിഭകളെ മാറ്റിനിർത്തി ആശ്രിത വൽസലർക്ക് ടിക്കറ്റ് നൽകിയാൽ തിരിച്ച് പൊതുജനത്തിനെന്ത് കിട്ടും എന്ന ചോദ്യത്തിന്റെ ഉത്തരമാണ് കേരളത്തിൽ നിന്നെത്തിയ ഇടതുപക്ഷ അംഗങ്ങളിൽ രണ്ടു പേരടക്കമുള്ള ഭൂരിഭാഗം സി.പി.എം എം.പിമാരും നൽകുന്നത്. ഇടപെടലിൽ ഉള്ളവരെ കൊണ്ട് സി.പി.എമ്മിനെ കവച്ചുവെക്കാൻ സി.പി.ഐക്ക് കഴിഞ്ഞു.

## സ്വാർഥത്തിന്റെ പാരസ്പര്യം

പതിവായി ബ്രിട്ടീഷ് ശൈലി ഉപയോഗിച്ച് ശീലിച്ച ഇന്ത്യക്കാർക്ക് 'പൊതുവായ സുരക്ഷിതത്വം', 'പരസ്പര ധാരണ', 'ഉഭയകക്ഷി ഉടമ്പടി' തുടങ്ങിയ പ്രയോഗങ്ങൾക്ക് അമേരിക്കൻ നിഘണ്ടുവിലെ അർഥമെന്താണെന്ന് ഇനിയും പിടികിട്ടിയില്ലെങ്കിൽ അതിന് അമേരിക്കയെ കുറ്റം പറഞ്ഞിട്ട് ഫലമില്ല. ജന്മിത്ത വ്യവസ്ഥിതിയിൽ ജന്മിയുടെ 'നോം' പ്രയോഗം പോലെ ബഹുത്വവൽക്കരിച്ച ഏകവചനങ്ങളാണിത്. ജന്മിയുടെ 'നോ'മിൽ പതിയിരിക്കുന്ന ഒരു അപകടമുണ്ട്. അയാളുടെ സ്വത്വം നാം അംഗീകരിച്ചിരിക്കുന്നുവെന്ന് നിശ്ശബ്ദമായി സമ്മതിപ്പിക്കലാണത്. അമേരിക്കയുടെ താൽപര്യവും അമേരിക്കയുടെ സുരക്ഷിതത്വവുമാണ് ഓരോ ലോകരാജ്യത്തിന്റെയും



■ പ്രണബ് മുഖർജി



■ എ.കെ ആന്റണി

താൽപര്യവും സുരക്ഷിതത്വവുമെന്ന് കാലങ്ങളായി അവർ പറഞ്ഞുകൊണ്ടിരുന്നതാണ്. ഇപ്പോൾ ഒരുപടി കൂടി കടന്ന് അമേരിക്കൻ സുരക്ഷിതത്വത്തിലാണ് ഇന്ത്യയുടെ താൽപര്യം സംരക്ഷിക്കപ്പെടുന്നതെന്ന ഭീഷണി കലർന്ന ജന്മിത്തസ്വരം 'പൊതുവായ പരസ്പര ഉഭയകക്ഷി ഉടമ്പടി'യിലൂടെ സാധ്യമാക്കിയിരിക്കുന്നു. ഭാരതം മാതൃരാജ്യമാണെങ്കിലും അമേരിക്കയുടെ സമാധാനത്തിലും സുരക്ഷിതത്വത്തിലുമാണ് ഇനി മുതൽ ഓരോ ഭാരതീയന്റെയും ആനന്ദം കുടികൊള്ളേണ്ടത്.

പരസ്പര സുരക്ഷിതത്വമെന്ന അമേരിക്കൻ വിവക്ഷക്ക് ഇന്ത്യയിൽ സീമകളില്ലെന്ന് വ്യക്തമാക്കുന്നതാണ് 'എന്റ് യൂസ്' പരിശോധനാ കരാർ (EUMA). വൻതോതിൽ പ്രതിരോധ സാമഗ്രികൾ നൽകാമെന്ന വാഗ്ദാനം നടപ്പാക്കുന്നതിന്റെ ഉപാധിയായി ഇന്ത്യയുടെ സൈനിക താവളങ്ങളിലും മുൻനിര സേനാ വിന്യാസ കേന്ദ്രങ്ങളിലും അമേരിക്കയുടെ നേരിട്ടുള്ള പരിശോധന സാധ്യമാക്കുന്നതാണ് നിർദിഷ്ട കരാർ. അമേരിക്കൻ നിയമപ്രകാരം, സുപ്രധാനമായ യുദ്ധോപകരണങ്ങൾ വിൽക്കുന്ന ഏതു രാജ്യവുമായും ഈ കരാർ ഒപ്പുവെക്കണം. വ്യവസ്ഥ അംഗീകരിച്ചാൽ അമേരിക്ക നൽകിയ സാമഗ്രികൾ, കരാറിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പു വരുത്താൻ അവ സൂക്ഷിക്കുന്ന സൈനിക താവളങ്ങളിലും മുൻനിര വിന്യാസ കേന്ദ്രങ്ങളിലും എതു സമയത്തും പരിശോധന നടത്താൻ അമേരിക്കക്ക് അനുവാദം ലഭിക്കും. തിരിച്ച് ഏതെങ്കിലും ഒരു രാജ്യത്ത് നിന്ന് അമേരിക്ക വില കൊടുത്തു കൊണ്ടുപോകുന്ന ഏതെങ്കിലും ഒരു ഉൽപന്നത്തിന്റെ നിരന്തര പരിശോധനക്കുള്ള വ്യവസ്ഥ അമേരിക്ക അംഗീകരിക്കുകയില്ല. അതിന്റെ ഗുണനിലവാര പരിശോധന അമേരിക്കൻ സ്റ്റാന്റേർഡ് അനുസരിച്ചല്ലാതെ സമ്മതിക്കുകയില്ല.

ഇന്ത്യൻ സായുധസേനക്കുള്ള ആയുധവിതരണം നിയന്ത്രിക്കുന്നതിനുള്ള അവസരവും ഇതിലൂടെ അമേരിക്കക്ക് സാധ്യമാകും. കരാർ പ്രകാരം ഇരു രാജ്യങ്ങളും ഉഭയകക്ഷി സമ്മതപ്രകാരം അംഗീകരിക്കുന്നത് അമേരിക്കക്ക് ഇന്ത്യൻകേന്ദ്രങ്ങളിൽ പരിശോധന നടത്തുന്നതിനുള്ള അവകാശം മാത്രമാണ്. മറിച്ച് ഇന്ത്യക്ക് ഒരു അമേരിക്കൻ താവളത്തിലും പരിശോധന നടത്താനുള്ള അവകാശം ഇത് വകവെച്ചു നൽകുന്നില്ല. ഇതിലൂടെ അമേരിക്കൻ കമ്പനികൾക്ക് ആയുധ കച്ചവടത്തിന് അവസരം നൽകുന്നതോടൊപ്പം അമേരിക്ക ആഗ്രഹിക്കുന്നവ മാത്രം വിറ്റാൽ മതിയെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. ഇന്ത്യയുടെ വ്യവസ്ഥകൾ അമേരിക്ക അംഗീകരിച്ചിട്ടുണ്ടെന്നും പരിശോധനയുടെ സമയവും സ്ഥലവും നമുക്ക് തീരുമാനിക്കാമെന്ന ഭേദഗതി വരുത്തിയിട്ടുണ്ടെന്നുമാണ് സർക്കാർ വ്യക്തമാക്കിയിരിക്കുന്നത്. അമേരിക്കൻ ഉദ്യോഗസ്ഥർക്ക് ഇന്ത്യയിൽ പരിശോധന നടത്താൻ അനുവാദം നൽകുമെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഇതംഗീകരിച്ചാൽ തന്നെ എടുത്തുകൊണ്ടു പോകാൻ കഴിയുന്ന സൈനിക സംവിധാനങ്ങൾ നമുക്ക് ഇഷ്ടമുള്ള കേന്ദ്രത്തിലെത്തിച്ച് പരിശോധിക്കാൻ ആവശ്യപ്പെടാം. അതേസമയം ഏതെങ്കിലും സൈനിക കേന്ദ്രങ്ങളിൽ സ്ഥാപിച്ച സംവിധാനങ്ങൾ അവിടെ ചെന്നു തന്നെ പരിശോധിക്കേണ്ടി വരും.

**രണ്ടാം നിരക്കാരായ മന്ത്രിമാരും രാഹുലുമടക്കമുള്ളവരും പങ്കെടുത്ത ഹിലരിക്കുള്ള വിരുന്നിൽ ആന്റണിയും പ്രണബും പങ്കെടുക്കാതിരുന്നതോടെയാണ് കോൺഗ്രസിനുള്ളിലെ മുറുമുറുപ്പ് അങ്ങാടിപ്പാട്ടായത്. വിവരം വാർത്തയായതോടെ ആന്റണി സ്വതസിദ്ധമായ ശൈലിയിൽ പത്തി മടക്കി എന്റ് യൂസ് ദേശരക്ഷക്ക് അനിവാര്യമാണെന്ന് തിരുത്തിപ്പറഞ്ഞെങ്കിലും പ്രണബ് ഇതുവരെ പരസ്യമായി പിന്തുണക്കാൻ രംഗത്ത് വന്നിട്ടില്ല.**

വാഷിംഗ്ടണിന്റെ സമ്മർദത്തിന് വഴങ്ങിയാണ് 'എന്റ് യൂസ്' അംഗീകരിച്ചതെന്ന് കോൺഗ്രസിനുള്ളിൽ എ.കെ ആന്റണിയും പ്രണബ് മുഖർജിയും ആത്മവിമർശനമുയർത്തിയത് അൽപനേരത്തേക്കെങ്കിലും സോണിയയെ വെള്ളം കുടിപ്പിക്കുകയും ചെയ്തു. പാർട്ടിക്കുള്ളിലെ അറ്റകുറ്റപ്പണിക്ക് പ്രത്യേക യോഗം വിളിച്ചിരിക്കുകയാണിപ്പോൾ സോണിയ. രണ്ടാം നിരക്കാരായ മന്ത്രിമാരും രാഹുലുമടക്കമുള്ളവരും പങ്കെടുത്ത ഹിലരിക്കുള്ള വിരുന്നിൽ ആന്റണിയും പ്രണബും പങ്കെടുക്കാതിരുന്നതോടെയാണ് കോൺഗ്രസിനുള്ളിലെ മുറുമുറുപ്പ് അങ്ങാടിപ്പാട്ടായത്. വിവരം വാർത്തയായതോടെ ആന്റണി സ്വതസിദ്ധമായ ശൈലിയിൽ പത്തി മടക്കി എന്റ് യൂസ് ദേശരക്ഷക്ക് അനിവാര്യമാണെന്ന് തിരുത്തിപ്പറഞ്ഞെങ്കിലും പ്രണബ് ഇതുവരെ പരസ്യമായി പിന്തുണക്കാൻ രംഗത്ത് വന്നിട്ടില്ല.

### കീഴടങ്ങലിന്റെ നാല് കരാറുകൾ

*അമേരിക്കൻ ആണവ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള കരാർ:* ആന്ധ്രയിലും ഗുജറാത്തിലും അമേരിക്കൻ കമ്പനികളായ ജനറൽ ഇലക്ട്രിക്കൽസ് ഹിറ്റാച്ചിക്കും വെസ്റ്റിംഗ് ഹൗസ് കമ്പനിക്കും ആണവനിലയങ്ങൾ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കും. ഈ ആണവ ഊർജ നിലയങ്ങൾ വഴി 1000 കോടി അമേരിക്കൻ ഡോളർ ഇന്ത്യയിൽ നിന്ന് അമേരിക്കൻ കമ്പനികൾക്ക് ലഭിക്കും.

ഈ ആണവനിലയങ്ങളിൽ ഉപയോഗിച്ച ആണവ ഇന്ധനം ഊർജ പുനരുൽപാദനത്തിന് യോഗ്യമാക്കുന്ന സാങ്കേതിക വിദ്യ അമേരിക്ക നൽകും. ഈ നിലയങ്ങളിൽ അപകടങ്ങ

ൾ സംഭവിച്ചാൽ അമേരിക്കൻ കമ്പനികളുടെ ഉത്തരവാദിത്വം വളരെ പരിമിതമായിരിക്കും.

*ബാഹ്യാകാശ വിക്ഷേപണ വാണിജ്യ കരാർ:* അമേരിക്കൻ ഉപകരണങ്ങളാൽ നിർമിച്ച ഉപഗ്രഹങ്ങൾ ഇന്ത്യയിൽനിന്ന് വിക്ഷേപിക്കാൻ ഈ ഉടമ്പടി അനുവാദം നൽകും. ഇന്ത്യൻ ഉപഗ്രഹ വിക്ഷേപണ കേന്ദ്രങ്ങളെ വാണിജ്യ അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിനുള്ളതാണ് ഈ ഉടമ്പടി. മിസൈൽ സാങ്കേതിക വിദ്യയെ അമേരിക്കൻ നയങ്ങൾക്കനുസരിച്ച് ഉപയോഗിക്കാൻ വേണ്ടിയുള്ളതാണിത്.

*എന്റ്-യൂസർ പരിശോധനാ കരാർ:* ഇന്ത്യയിൽ കൊണ്ടുവരുന്ന അമേരിക്കൻ സൈനിക ഉപകരണങ്ങളുടെ പരിശോധനക്ക് അമേരിക്കയെ അധികാരപ്പെടുത്തുന്നതാണ് പരമപ്രധാനമായ ഈ ഉടമ്പടി. അമേരിക്കൻ സൈനിക വാഹനങ്ങളും ഉപകരണങ്ങളും വിന്യസിക്കുന്ന തന്ത്രപ്രധാനമായ ഇടങ്ങളിലൊക്കെ പരിശോധനക്കായി കടന്നുചെല്ലാൻ അമേരിക്കക്ക് ഇതുവഴി സ്വാതന്ത്ര്യം ലഭിക്കും. ഇന്ത്യയേക്കാളേറെ അമേരിക്കൻ വിമാനകമ്പനികൾക്കുള്ള കച്ചവട താൽപര്യത്തേയാണിത് ഉൾക്കൊള്ളുന്നത്. ലോക്ക്ഹീഡ്, ബോയിംഗ് എന്നീ അമേരിക്കൻ വിമാനകമ്പനികൾക്ക് അവരുടെ ജെറ്റ് യുദ്ധ വിമാനങ്ങൾ ഇന്ത്യക്ക് വിൽക്കണമെങ്കിൽ ഈ കരാർ മുന്നുപാധിയാണെന്നാണ് അവർ അറിയിച്ചത്. ഇന്ത്യയുടെ പരമാധികാരത്തെ പണയപ്പെടുത്തുമെന്ന ഭയമുണ്ടായിരുന്നതിനാൽ വളരെ മെല്ലെയാണ് ഒപ്പു വെക്കുന്നത് വരെ ഇന്ത്യ ഉടമ്പടിയെക്കുറിച്ച് സംസാരിച്ചത്. കേവലം ലോക്ക്ഹീഡ്, ബോയിംഗ് എന്നീ വിമാനകമ്പനികളുടെ പേരിൽ നേടിയെടുത്ത ഈ കരാറിലൂടെ അമേരിക്ക ഒരു വെടിക്ക് രണ്ട് പക്ഷിയെയാണ് വീഴ്ത്തിയത്. കാലാകാലത്തേക്കും വൻ തോതിൽ വിമാനങ്ങൾ അടക്കമുള്ള യുദ്ധസാമഗ്രികൾ വിൽക്കുന്നതിനുള്ള അവസരമാണ് ഒന്ന്. ഇത്തരമൊരു ഇടപാടിന് അമേരിക്കൻ കമ്പനികൾക്ക് ആകെയുണ്ടായിരുന്ന തടസ്സം അമേരിക്കൻ നിയമങ്ങളാണ്. ഇതുവഴി തന്ത്രപ്രധാന താവളങ്ങളിലെല്ലാം അമേരിക്കക്കാരന് എപ്പോഴും കയറി വരാമെന്നത് രണ്ടാമത്തേത്. ഏത് വമ്പൻ കമ്പനിയും ഒരു രൂപയുടെ കച്ചവടം നടത്തണമെങ്കിൽ ഉദാരവൽക്കരണക്കാരുടെ തലതൊട്ടപ്പന്റെ മുൻകൂർ അനുവാദം വേണം.

*ശാസ്ത്ര സാങ്കേതിക സഹകരണ കരാർ:* ശാസ്ത്ര സാങ്കേതിക സഹകരണത്തിനുള്ള സംയുക്ത ഫണ്ട് സമാഹരിക്കാൻ ഈ ഉടമ്പടിയിലൂടെ ഇരു രാജ്യങ്ങളും ധാരണയായി. ഇരുരാജ്യങ്ങളും ഫണ്ടിന് തുല്യവിഹിതം നൽകും. അമേരിക്കൻ സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിനുള്ള നൂതന മാർഗങ്ങൾ തുറന്നുകിട്ടുകയാണ് ലക്ഷ്യമെന്ന് ഇന്ത്യ. എന്നാൽ തന്ത്രപ്രധാനമല്ലാത്ത കാർഷിക ജൈവശാസ്ത്രമേഖലകളിലെ വിജ്ഞാനം മാത്രമേ ഇതുവഴി പങ്കുവെക്കാനാകൂ എന്ന് അമേരിക്ക. അമേരിക്കക്കാരല്ലാത്തവർക്ക് പ്രവേശനമില്ലാത്ത തന്ത്രപ്രധാനമേഖലകളിലെ വിവരവിജ്ഞാനങ്ങൾ ഇതിൽ നിന്നൊഴിവാണ്.

## ദേശസുരക്ഷയുടെ താൽപര്യം

ഉഭയകക്ഷി ഉടമ്പടി എന്ന പേരിൽ തയാറാക്കിയതെങ്കിലും ഏകപക്ഷീയമായ വ്യവസ്ഥകളാണ് പുറമേക്ക് നിർദോഷകരമെന്ന് തോന്നാവുന്ന ഈ കരാറുകളിലുള്ളത്. ലോക രാജ്യങ്ങൾക്കുമേൽ സ്വകാര്യവൽക്കരണത്തിനും ഉദാരവൽക്കരണത്തിനും കടുത്ത സമ്മർദ തന്ത്രം ചെലുത്തുകയും ആഗോള ഏജൻസികളെ കൊണ്ട് കാമ്പയിൻ നടത്തിക്കുകയും ചെയ്യുന്ന അമേരിക്കയുടെ കാപട്യം തിരിച്ചറിയാതെ പോകുന്നത് ആത്മവഞ്ചനയായിരിക്കും. സ്വന്തം വിപണിയുടെയും രാജ്യസുരക്ഷയുടെയും കാര്യം വരുമ്പോൾ ഒരു തരത്തിലുള്ള വിശാലതയും ഉദാരതയുമില്ലാതെ എന്തു മാത്രം സങ്കുചിതമായിപ്പോകുന്നു അമേരിക്കയെന്ന് നാമാലോചിക്കണം. ഇന്ത്യയടക്കമുള്ള മൂന്നാം ലോക രാജ്യങ്ങളോട് കർഷകർക്കുള്ള സബ്സിഡികൾ വെട്ടിച്ചുരുക്കാൻ ആജ്ഞാപിക്കുക. സ്വന്തം കർഷകർക്ക് ലോകത്ത് ഏറ്റവും ഉയർന്ന നിരക്കിലുള്ള സബ്സിഡി നൽകുക. ഇന്ത്യയടക്കമുള്ള രാജ്യങ്ങളുടെ തന്ത്രപ്രധാന വകുപ്പുകളിലടക്കം സ്വകാര്യവൽക്കരണത്തിനും അതുവഴി ആഗോള കമ്പനികളുടെയും കടന്നുവരവിനും വഴിയൊരുക്കുമ്പോൾ അത് രാജ്യസുരക്ഷക്ക് അപകടം വരുത്തുമോ എന്ന് ആശങ്കപ്പെടാനുള്ള അവകാശം പോലും ആർക്കുമില്ല. എന്നാൽ തങ്ങളുടെ രാജ്യത്തിന്റെ സുരക്ഷാ നിയമങ്ങളിൽനിന്ന് ഒരു ലോകരാജ്യവും മുക്തമല്ല. തങ്ങളുടെ വിമാനം ഏത് രാജ്യത്താണെങ്കിലും അത് അമേരിക്കൻ നിയമങ്ങൾ അനുസരിക്കണം. അവരുടെ വിമാനങ്ങൾ അമേരിക്കയിലെത്തുമ്പോൾ അവർ സ്വീകരിക്കേണ്ടത് അതതു രാജ്യങ്ങളിലെ നിയമമല്ല. അവരും അമേരിക്കൻ നിയമം സ്വീകരിക്കണം. അമേരിക്കയുടെ ആധിപത്യത്തിന്റെ ഭാഷയാണിത്.

**അമേരിക്കൻ സുരക്ഷിതത്വത്തിലാണ് ഇന്ത്യയുടെ താൽപര്യം സംരക്ഷിക്കപ്പെടുന്നതെന്ന ഭീഷണി കലർന്ന ജന്മിത്വസ്വരം 'പൊതുവായ പരസ്പര ഉഭയകക്ഷി ഉടമ്പടി'യിലൂടെ സാധ്യമാക്കിയിരിക്കുന്നു. ഭാരതം മാതൃരാജ്യമാണെങ്കിലും അമേരിക്കയുടെ സമാധാനത്തിലും സുരക്ഷിതത്വത്തിലുമാണ് ഇനി മുതൽ ഓരോ ഭാരതീയന്റെയും ആനന്ദം കുടികൊള്ളേണ്ടത്.**

കാശ് കൊടുത്ത് നാം വാങ്ങി നമ്മുടേതാക്കുന്ന ആയുധങ്ങളും യുദ്ധസാമഗ്രികളും പരിശോധിക്കാൻ അധികാരം നൽകുന്നത് എന്തു മാത്രം നിരർഥകമാണ്. സ്വതന്ത്രമായി ഉപയോഗിക്കാൻ പോലും കഴിയാത്ത യുദ്ധോപകരണങ്ങൾ നമ്മുടെ പ്രതിരോധത്തിന്റെ സ്വകാര്യതയാണ് നശിപ്പിക്കുന്നത്. ഇന്ത്യൻ സൈന്യത്തിന്റെ ശക്തിയെക്കുറിച്ചോ യുദ്ധോപകരണങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ചോ രാജ്യത്തെ ഒരു പൗരനോ പത്രപ്രവർത്തകനോ ചോദിക്കാനാവില്ല. ആയുധ ഇടപാടുകളെക്കുറിച്ച് സംശയമുയർത്താനുമാവില്ല. രാജ്യരക്ഷ സംബന്ധിച്ച വിശദാംശങ്ങൾ ചോദിക്കുന്നത് പോലും നമ്മുടെ സ്വകാര്യതക്ക് ഭംഗമാണ്. എന്നാൽ പൗരന്മാരിൽ നിന്ന് കാത്തു സൂക്ഷിക്കുന്ന ഈ സ്വകാര്യതകളത്രയും, നമ്മുടെ ശത്രുക്കൾക്കും ആയുധങ്ങളും യുദ്ധ സാമഗ്രികളും വിൽക്കുന്ന ഒരു രാജ്യത്തിനും മുമ്പാകെ തുറന്നുവെക്കുന്നതിലെ ഹൃദയവിശാലതയെ അഭിശംസിക്കാതെ നിവൃത്തിയില്ല.

ആളില്ലാത്തിടങ്ങളിൽ പതുങ്ങിയിരുന്ന് ഏറുപടക്കവും ഓലപ്പടക്കവുമെറിയുന്ന ഏതാനും വഴിപിഴച്ച പിള്ളേരുടെ വിക്രിയകൾ രാജ്യസുരക്ഷക്ക് വരുത്തുന്ന അപകടങ്ങൾ ലൈവ് ആക്കുന്ന വിദ്വാൻമാർക്കും ഇതിലൊട്ടും ഉത്ക്കണ്ഠയില്ല. ■